UNSTARRED QUESTIONS AND ANSWERS.

കിഴക്കെകല്ലട മൺറോത്തുരുത്ത് ഗ്രാമോദ്ധാരണക്കമ്മിറ്റി.

29. MR. RAPHAEL J. RODRIGUEZ (*Quilon VI—Latin Catholic*) താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ ?

(എ) കിഴക്കെകല്ലടമൺറോത്തുരുത്ത് ഗ്രാമോദ്ധാരണകമ്മിറ്റി തിരഞ്ഞെടുപ്പിന്റെ ക്രമക്കേടുകളെപ്പറ്റി ഗവണ്മെൻറിന് പരാതികൾ ലഭിച്ചിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അവയിന്മേൽ എന്തു നടപടി എടുത്തു ?

HON'BLE MR. N. KUNJURAMAN :—(*a*) A complaint alleging certain irregularities has been received by Government.

(*b*) The proceedings of the Committee have been stayed until further orders.

ചങ്ങനാശേരി, പീരുമേട് ഇവ താലൂക്കുകളിൽ പിന്നോക്കസമുദായങ്ങൾക്കു പതിച്ചു കൊടുക്കുവാൻ നീക്കിവയ്ക്കപ്പെട്ട സ്ഥലങ്ങൾ.

30. MR. P. K. KRISHNAN SASTRY (*Meenachil II—Pulaya Reserved*) താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) ചങ്ങനാശേരി, പീരുമേട് ഇവ താലൂക്കുകളിൽ പിന്നോക്കസമുദായങ്ങൾക്കു പതിച്ചു കൊടുക്കുവാൻ നീക്കിവയ്ക്കപ്പെട്ട സ്ഥലങ്ങൾ എത്രവീതമെന്നു ദയവായി പറയുമോ?

(ബി) ഇപ്രകാരം തിരിച്ചിടപ്പെട്ട സ്ഥലങ്ങൾ മറ്റു സമുദായങ്ങളിൽപ്പെട്ടവർക്കു പതിച്ചു കൊടുക്കുവാൻ വല്ല നടപടികളും നടത്തിയിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിലാണെന്നു ദയവായി പറയുമോ?

HON'BLE MR. V. O. MARKOS :

(എ)	താലൂക്ക്	ഏക്കർ	സെൻറ്
	ചങ്ങനാശ്ശേരി	ഫൻസ	ഫവ. ൭൫ 0
	പീരുമേട്	൪൪ ഫ	൫ ഫ. 0 0

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബി–ക്കുള്ള ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

തിരുവനന്തപുരം നാഗർകോവിൽ റോഡരികിൽ ഒഴിച്ചിടപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ.

31. MR. P. K. KRISHNAN SASTRI : താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവനന്തപുരം–നാഗർകോവിൽ റോഡരികിൽ പല സ്ഥലത്തും കുതിര ലായങ്ങളും അതോട് ചേർന്ന സ്ഥലങ്ങളും ഒഴിച്ചിടപ്പെട്ടിരിക്കുന്ന വസ്തുത ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇപ്പോൾ അവക കുതിരലായങ്ങളും സ്ഥലങ്ങളും പ്രയോജനപ്പെടുത്താതിരിക്കുന്നവകളാകയാൽ, അവ പതിച്ചോ വാടയ്ക്കോ കൊടുക്കുന്നത് ഗവണ്മെൻറിനും പൊതു ജനങ്ങൾക്കും വളരെ പ്രയോജനകരമാണെന്ന ഗവണ്മെൻറു കരുതുന്നുണ്ടോ?

HON'BLE MR. V. O. MARKOS :

(എ) ഉണ്ട്.

(ബി) ഇല്ല.

ഈ വർഷം കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും കോളേജും

32. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പിന്നോക്കസമുദായ സംരക്ഷക ഡിപ്പാർട്ടുമെൻറിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ വർഷം പിന്നോക്കസമുദായത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ ഏതെല്ലാം കോളേജുകളിൽ പഠിക്കുന്നു എന്ന ദയവായി പറയുമോ?

(ബി) ഏതെല്ലാം ഹോസ്റ്റലുകളിൽ എത്രയെത്ര വിദ്യാർത്ഥികൾ താമസിക്കുന്നു എന്നും, ഓരോ ഹോസ്റ്റലിനും ഗവണ്മെൻറിൽ നിന്നും എത്ര ഗ്രാൻറ് നൽകുന്നു എന്നും പറയുവാൻ ദയവുണ്ടാകുമോ?

(സി) ഹോസ്റ്റലുകൾക്ക വെളിയിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം എത്ര ഗ്രാൻറ് നൽകുന്നു എന്ന ദയവായി പറയുമോ?

HON'BLE MR. T. K. NARAYANA PILLAI : A statement furnishing the required information is laid on the table.

LIBRARY ARCHIVES Kerala Legislative Assembly